# സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി – 2018 വർഷത്തെ എറണാകുളം റൂറൽ ജില്ലാതല സമ്മർ ക്യാമ്പിനോടനുബന്ധിച്ചുള്ള പാസ്സിംഗ് ഔട്ട് പരേഡ് നടത്തി.

പൗരബോധവും, ലക്ഷ്യബോധവും, സാമൂഹ്യ പ്രതിബദ്ധതയും,സേവന സന്നദ്ധതയുമുള്ളതും നിയമത്തെ സ്വമേധയ അനുസരിക്കുകയും ചെയ്യുന്ന ഒരു യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കിയിട്ടുള്ള പാഠ്യാനുബന്ധ പദ്ധതിയായ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ 2018 വർഷത്തെ എറണാകുളം റൂറൽ **ജില്ലാ തല സമ്മർ ക്യാമ്പിനോടനുബന്ധിച്ച്** ഇന്ന് **(07.04.2018)** പാസ്സിംഗ് ഔട്ട് പരേഡ് നടന്നു.

മുവാറ്റുപുഴ വീട്ടൂർ **എബനേസർ ഹയർ സെക്കൻഡറി സ്കൂളിൽ 03.04.2018 തീയതി മുതൽ നടന്നു വന്ന** സമ്മർ ക്യാമ്പാണ് ഇന്ന് നടന്ന പാസ്സിംഗ് ഔട്ട് പരേഡോടെ സമാപിച്ചത്. പാസ്സിംഗ് ഔട്ട് പരേഡിൽ കുന്നത്തുനാട് എം.എൽ.എ ശ്രീ.വി.പി.സജീന്ദ്രൻ സല്യൂട്ട് സ്വീകരിച്ചു.

451 സ്റ്റുഡൻറ് പോലീസ് കേഡറ്റുകളും, 58 അദ്ധ്യാപകരും (കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാർ) നിരവധി പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്ത ഈ റെസിഡൻഷ്യൽ ക്യാമ്പിൽ വിദ്യാർത്ഥികളിൽ സമത്വബോധവും, മതേതര വീക്ഷണവും, നേതൃത്വപാഠവും, രാജ്യസ്നേഹവും വളർത്തിയെടുക്കുന്നതിനായി വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവരുടെ ക്ലാസ്സുകളും, സാമൂഹ്യ സാംസ്കാരിക രംഗത്തെ വിശിഷ്ട വ്യക്തികളുമായി സംവാദവും ജില്ലയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലേയ്ക്കും മറ്റുമുള്ള സന്ദർശനവും ഉൾപ്പെടുത്തിയിരുന്നു. ക്യാമ്പിലെ ദൈനംദിന പരിപാടികളിൽ ഫിസിക്കൽ ട്രേയിനിംഗ്, കളരി, യോഗ, കരാട്ടെ, ക്രോസ് കൺട്രി, ഇൻഡോർ ക്ലാസ്സ്, ഫീൽഡ് വിസിറ്റ്, സെറിമോണിയൽ പരേഡ് പ്രാക്ടീസ്സ്, വിശിഷ്ട വ്യക്തികളുമായി സംവാദം, കലാപരിപാടികൾ എന്നിവ ഉൾപ്പെടുത്തിയിരുന്നു.

മൂക്കന്നൂർ എസ്.എച്ച്.ഒ ഹയർസെക്കൻഡറി സ്കൂളിലെ ആഷ്നയായിരുന്നു പരേഡ് കമാൻഡർ. കൈതാരം വി.എച്ച്.എസ്.എസ്, എടവനക്കാട് എസ്.ഡി.പി.വൈ കെ.പി.എം.എച്ച്.എസ് എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികളും അണിനിരന്ന പ്ലാറ്റൂണിനെ മികച്ച പ്ലാറ്റൂണായി തിരഞ്ഞെടുത്തു.

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസറും ഡി.സി.ആർ.ബി ഡി.വൈ.എസ്.പി യുമായ ശ്രീ. എ. അബ്ദുൾ റാഷി, സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ അസി: ജില്ലാ നോഡൽ ഓഫീസറായ ശ്രീ. എ.പി.ഷാജിമോൻ, മഴുവന്നൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീ.വി.ഫിലിപ്പ്, വാർഡ് മെമ്പർ ശ്രീമതി.ഷൈനി കര്യാക്കോസ്, വീട്ടൂർ എബനേസർ എച്ച്.എസ് സ്കൂൾ മാനേജർ കമാൻറർ സി.കെ. ഷാജി എന്നിവർ പങ്കെടുത്തു.




STUDENT POLICE CADET
CHANGE